**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 73** **07-10-2024 - ൽ മറുപടിയ്ക്ക്**

**വിലങ്ങാട് ഉരുൾപ്പൊട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് മഞ്ഞച്ചീളി ഭാഗത്ത് ഉരുൾപൊട്ടലിൽ ഒരാളുടെ മരണത്തോടൊപ്പം വീട്, കൃഷി, ഭൂമി, റോഡുകൾ, പാലങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, അംഗനവാടി ഉൾപ്പെടെയുള്ള ജീവനോപാധികളുടെ നഷ്ടം എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. നാശ നഷ്ടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഉരുൾപ്പൊട്ടൽ മൂലം തകർന്ന പാലങ്ങളും റോഡുകളും ആദിവാസി ഉന്നതികളുടെ പുനർനിർമ്മാണത്തിനും അടിയന്തര നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ; | (ബി) | വിലങ്ങാട് ഉരുൾപൊട്ടൽ ഉണ്ടായ വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാടും അതിന്റെ സമീപപ്രദേശങ്ങളിലും ശാസ്ത്രീയ പഠനം നടത്താനും തുടർ താമസം സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ച് വിശദ റിപ്പോർട്ട് സമർപ്പിക്കാനുമായി ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ഹൈഡ്രോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ്, അസിസ്റ്റന്റ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, അസിസ്റ്റന്റ് എൻജിനീയർ വാണിമേൽ ഗ്രാമപഞ്ചായത്ത് എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ച് 02/08/2024 തീയതിയിൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ പുരധിവാസം സംബന്ധിച്ച വിഷയത്തിൽ തുടർ നടപടി കൈകൊള്ളുന്നതാണ്. |
| (സി) | വിലങ്ങാട് ഉരുൾപൊട്ടൽ മേഖലയിൽ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമെന്ന് പറയാമോ? | (സി) | നിലവിൽ എൻ.ഐ.റ്റി കോഴിക്കോട് പഠനം നടത്തി വരുന്നുണ്ട്. വിലങ്ങാട് ഉരുൾപൊട്ടൽ മേഖലയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന ഉരുൾപൊട്ടൽ ഉപദേശക സമിതി 13/10/2024 ന് സ്ഥലം സന്ദർശിക്കുന്നതാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

***<u>കെട്ടിടങ്ങൾക്കും ഭൂമിക്കും ഉണ്ടായ വ്യക്തിഗത നാശനഷ്ടങ്ങൾ</u>***

| **നാശനഷ്ടം** | **വീട്** | **ഷോപ്പ് ,അംഗൻവാടി ,വായനശാല മുതലായ മറ്റ് കെട്ടിടങ്ങൾ** | **ആകെ കെട്ടിടങ്ങളുടെഎണ്ണം** |
|---|---|---|---|
| പൂർണമായും വീട്/കെട്ടിടം സ്ഥലവും നഷ്ടപ്പെട്ടവർ | 11 | 7 | 18 |
| വീട്/കെട്ടിടം മാത്രം പൂർണമായും നഷ്ടപ്പെട്ടവർ | 25 | 1 | 26 |
| ഭാഗികമായി വീട്/കെട്ടിടം നഷ്ടപ്പെട്ടവർ | 9 | 1 | 10 |

| **നാശനഷ്ടം** | **ഭൂമിയുടെ വിസ്തീർണം** |
|---|---|
| പൂർണമായും വീടും സ്ഥലവും നഷ്ടപ്പെട്ടവർ | ഭൂമിയുടെ വിസ്തീർണം-1.24 ഹെക്ടർ |
| വീട് മാത്രം പൂർണമായും നഷ്ടപ്പെട്ടവർ | നിലവിലുള്ള ഭൂമി വാസയോഗ്യമല്ല<br>5.20 ഹെക്ടർ ഭൂമി |
| ഭാഗികമായി വീട് നഷ്ടപ്പെട്ടവർ | 98 ആർ ഭൂമി |
| കൃഷി ഭൂമി നാശനഷ്ടം | 250 ഏക്കർ ഭൂമി |

| നാശനഷ്ടം | | തുക |
|---|---|---|
| പുരയിട ഭൂമിയുടെ നഷ്ടം | 3.62 കോടി | 40.5 കോടി |
| വീട് പൂർണ നഷ്ടം | 8 കോടി | |
| വീട് ഭാഗിക നഷ്ടം | 1.25 കോടി | |
| കൃഷിഭൂമിയുടെ നഷ്ടം | 25 കോടി | |
| കടകൾ പൂർണ നഷ്ടം | 1.75 കോടി | |
| കടകളിൽ വെള്ളം കയറിയതിൽ വസ്തുവകകൾക്കുള്ള നഷ്ടം | 88 ലക്ഷം | |

| വകുപ്പ് | നാശനഷ്ടം | തുക |
|---|---|---|
| പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) | (1) മുടിക്കൽ പാലത്തിന്റെ വാണിമേൽ പഞ്ചായത്തിന്റെ ഭാഗത്ത് പുഴയുടെ സംരക്ഷണ ഭിത്തി ഭാഗികമായി തകർന്നിട്ടുണ്ട്. ഭാഗികമായി തർന്ന പുഴയുടെ സംരക്ഷണ ഭിത്തിയുടെ കേടുപാടുകൾ സംഭവിച്ച മുഴവൻ ഭാഗവും പൊളിച്ച് മാറ്റി പുതിയ സംരക്ഷണ ഭിത്തി പണിയേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഏകദേശം 6.50 ലക്ഷം രൂപ ആവശ്യമായി വരും.<br>(2)ഉരുട്ടി പാലത്തിന്റെ approach road ൽ ഉം service road പൂർവ്വസ്ഥിതിയിലാക്കാൻ 90 ലക്ഷം രൂപ ആവശ്യമായി വരും,<br>(3) ഉരുൾ പൊട്ടലിന്റെ ഭാഗമായി വിലങ്ങാട് പാലത്തിന്റെ കൈവരി പൂർണമായും തകർന്ന നിലയിലാണ്. കൂടാതെ പാലത്തിനോട് അനുബന്ധിച്ചുള്ള പുഴയുടെ സംരക്ഷണ ഭിത്തി ഏകദേശം 75 മീറ്ററോളം തകർന്ന നിലയിലാണ്. | 9,96,50000/- |

| | | |
|---|---|---|
| | പാലത്തിന്റെ നരിപ്പറ്റ സൈഡിൽ 30 മീറ്ററോളം റോഡും തകർന്ന നിലയിലാണുള്ളത്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതാണ്. നിലവിലെ<br>പാലം വീതി കുറഞ്ഞതും അപകടാവസ്ഥയിൽ ആയതിനാലും പാലത്തിന്റെ മുകളിൽ മൂന്ന് മീറ്ററോളം ഉയരത്തിൽ വെള്ളം കയറുന്നതിനാലും പാലം പുനർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. അതിന് മുന്നോടിയായി പാലത്തിന്റെ അപ്രോച്ച് റോഡും കൈവരിയും പുഴ സംരക്ഷണ ഭിത്തിയും അടിയന്തിരമായി പുനർ നിർമ്മിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികൾക്ക് പൊതുമരാമത്ത് പാലം വിഭാഗത്തിന് 35,50,000 രൂപ ചിലവ് വരും. പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഏകദേശം 6 കോടി രൂപ ചിലവ് വരും.<br>(4) ഉരുൾ പൊട്ടലിന്റെ ഭാഗമായി വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് കാരണം വാളൂക്ക് പാലത്തിന്റെ കൈവരിയും പാലത്തിനോട് അനുബന്ധിച്ചുള്ള പുഴയുടെ സംരക്ഷണഭിത്തിയും ഏകദേശം 55 മീറ്ററോളം തകർന്നിട്ടുണ്ട്. കൂടാതെ പാലത്തിന്റെ സ്ലാബിനടിയിലെ സ്റ്റീൽ പുറത്തു കാണുന്ന നിലയിലാണ് നിലവിലുള്ളത്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതാണ്. നിലവിലെ പാലം വീതി കുറഞ്ഞതും അപകടാവസ്ഥയിൽ ആയതിനാലും പാലത്തിന്റെ മുകളിൽ രണ്ട് മീറ്ററോളം ഉയരത്തിൽ വെള്ളം കയറുന്നതിനാലും പാലം പുനർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. അതിന് മുന്നോടിയായി പാലത്തിന്റെ അപ്രോച്ച് റോഡും കൈവരിയും പുഴസംരക്ഷണ ഭിത്തിയും | |

| | | |
|---|---|---|
| | അടിയന്തിരമായി പുനർ നിർമ്മിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികൾക്ക് പൊതുമരാമത്ത് പാലം വിഭാഗത്തിന് 30.00.000 രൂപ ചിലവ് വരും.പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഏകദേശം 3 കോടി രൂപ ചിലവ് വരും. | |

| | | |
|---|---|---|
| കേരള റോഡ് ഫണ്ട് ബോർഡ് | KIIFB പദ്ധതിയിൽ ഉൾപ്പെട്ട പുല്ലുവായ് –തൊട്ടിൽപ്പാലം റോഡിൻറെ പുല്ലുവായ് മുതൽ മുടിക്കൽ പാലം വരെയുള്ള റോഡ്.<br>KIIFB പദ്ധതിയിൽ ഉൾപ്പെട്ട പുല്ലുവായ്– തൊട്ടിൽപ്പാലം റോഡിൻറെ പുല്ലുവായ് മുതൽ മുടിക്കൽ പാലം വരെയുള്ള റോഡിൻറെ ഭാഗമായ പുല്ലുവായ് (km 0/000) മുതൽ ഉരുട്ടി പാലം (km 5/000)വരെ ഉരുൾപൊട്ടലിൽ റോഡിനുണ്ടായ നാശനഷ്ടങ്ങൾ.<br>Ch. 2/400 ൽ റോഡിലെ ഒരു കൾവേർട് ഉരുൾ പൊട്ടലിൽ തകർന്ന് പോയിട്ടുണ്ട്. കൂടാതെ (Ch. 2/400– 2/615) വരെ രണ്ടാമതൊരു കൾവേർട് അടക്കം 200 മീറ്ററോളം റോഡ് ഉരുൾ പൊട്ടലിൽ പൂർണ്ണമായും തകർന്നിട്ടുണ്ട്. Ch. 3/500 ൽ പള്ളിയുടെ മുൻവശത്തെ റോഡ് പകുതിയോളം ഭാഗം പുഴ കര കവിഞ്ഞു സംരക്ഷണ ഭിത്തി (കരിങ്കൽ കെട്ട് ) ഉൾപ്പെടെ 3 മീറ്റർ ഉയരത്തിൽ 200 മീറ്ററോളം തകർന്നിട്ടുണ്ട്. Ch. 4/000 ൽ വിലങ്ങാട് ടൌൺ ഭാഗത്തു 200 മീറ്ററോളം ഭാഗം പുഴ കര കവിഞ്ഞു സംരക്ഷണ ഭിത്തി (കരിങ്കൽ കെട്ട് – 2 മീറ്റർ ഉയരത്തിൽ ) ഉൾപ്പെടെ തകർക്കപ്പെട്ടിട്ടുണ്ട്. പെട്രോൾ പമ്പിന് (Ch. 4/800–ch 5/000) | 12.25 കോടി |

| | | |
|---|---|---|
| | മുൻവശത്തെ റോഡ് പകുതിയോളം ഭാഗം പുഴ കര കവിഞ്ഞു സംരക്ഷണ ഭിത്തി (കരിങ്കൽ ഭിത്തി )കോൺക്രീറ്റ് ബെൽറ്റ് ഉൾപ്പെടെ തകർക്കപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞ റോഡിൻറെ ഭാഗത്തെ മണ്ണ് പൂർണമായും ഒലിച്ചു പോവുകയും ടാറിങ് പൂർണമായും ഇളകി പോവുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത നാശനഷ്ടങ്ങൾക്കെല്ലാം കൂടി ഏകദേശം 2 കോടിയോളം രൂപ നഷ്ടം കണക്കാക്കുന്നു. പ്രസ്തുത തകർന്ന റോഡിൻറെ പുനർ നിർമ്മാണത്തിന് ഗാബിയോൺ സംരക്ഷണ ഭിത്തി, GSB WMM,BM & BC ബോക്സ് കൽവെർട്ടിന് പകരം പാലം നിർമാണം ഉൾപ്പെടെ 12.25 കോടിയോളം രൂപ ആവശ്യമാണ്. | |